بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 25/09/2015

**(11 DHUL HIJJAH 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## LIFE TIME SACRIFICE & SOME ADVICES FOR THE QURBANI / ത്യാഗം ജീവിതത്തിലുടനീളം / ഏതാനും ഖുർബാനീ ഉപദേശങ്ങൾ

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം പറഞ്ഞു.

ദുൽഹിജ്ജ് മാസം സമീപിക്കുമ്പോഴെല്ലാം, വാർദ്ധക്യകാലത്ത് ഇബ്രാഹീം (അ) നേരിട്ട് അഗ്നിപരീക്ഷയെക്കുറിച്ച് നാം ഓർക്കാറുണ്ട്. ഈ നിലയിലുള്ള അതിമഹത്തായ ഒരു സംഭവമായിരുന്നു. ഇതിന് സമാനമായ മറ്റൊരു ചരിത്രം രേഖപ്പെടുത്തിയിട്ടുമില്ല.

വിശുദ്ധ ഖുർആൻ ഈ വസ്തുത സ്ഥിരീകരിക്കുന്നു. **"അങ്ങനെ അവരിരുവരും (അല്ലാഹുവിന്റെ കല്പനയ്ക്ക്) കീഴടങ്ങുകയും അദ്ദേഹം (പിതാവ്) അവനെ (മകനെ) ചെന്നിയിൽ ചരിച്ചു കിടത്തുകയും ചെയ്തപ്പോൾ, അദ്ദേഹത്തെ നാം വിളിച്ചു പറഞ്ഞു; ഓ ഇബ്രാഹീം, തീർച്ചയായും നീ സ്വപ്നത്തെ സാക്ഷാത്ക്കരിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്രകാരം തന്നെയാണ് സുകൃതവാന്മാർക്ക് നാം പ്രതിഫലം നൽകുക. തീർച്ചയായും അത് സ്പഷ്ടമായ ഒരു പരീക്ഷണമായിരുന്നു. നാം അദ്ദേഹത്തിന് (മകന്) ഒരു മഹത്തായ ബലി കർമ്മം മുഖേന പ്രായശ്ചിത്തം നൽകി"** (37:104 – 108)

ഇബ്റാഹീം (അ) ഇത്തരം ഒരു അഗ്നി പരീക്ഷണത്തിന് പാത്രീഭൂതനായിരുന്നെങ്കിലും നിശ്ചയമായും പരമോന്നതനായ സ്വഷ്ടാവ്, നമ്മിൽ നിന്നും ഇത്രയും വലിയ ഭാരം, ആവശ്യപ്പെടുന്നില്ല. എന്നാൽ ഇഹപരലോക വിജയങ്ങൾ കുടികൊള്ളുന്നത്, വിശ്വാസിയുടെ മനസ്സിലും ഹൃദയത്തിലും ത്യാഗമെന്ന ആശയം നല്ല നിലയിൽ വേര് പിടിച്ചു നിന്നെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ എന്ന് നാമറിയണം. എല്ലാവർക്കും അറിയാവുന്നതുപോലെ ത്യാഗമെന്നത് വുദുഹിയ്യാ അഥവാ ഖുർബാനിയിലൊതുങ്ങി നിൽക്കുന്നതല്ലെന്ന് മനസ്സിലാക്കണം. ഇതിന് വളരെ വലിയ അർത്ഥ തലങ്ങളുണ്ട്. ത്യാഗം എന്നതിന്, ജീവിത വഴിയിലുടനീളം, തന്നെയും തന്റെ ധനത്തെയും,അല്ലാഹുവിന്റെ വഴിയിൽ അർപ്പണം ചെയ്യുമെന്നും മനുഷ്യരുടെ വാക്കുകൾക്കുപരി അല്ലാഹുവിന്റെ വാക്കുകൾക്ക് വളരെ വലിയ സ്ഥാനമാണുള്ളതെന്നും, പ്രവർത്തിയിലൂടെ തെളിയിച്ചുകാണിക്കുക എന്നുമാണർത്ഥം. ഒരു വിശ്വാസി എല്ലാ നിലയിലും ത്യാഗം അനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കുന്ന മതമാണ് ഇസ്ലാം. ഒരു വിശ്വാസി തന്റെ ജീവിതവും ആത്മാവും ഇസ്ലാമിന് വേണ്ടി, മറ്റു മതങ്ങളുടെ മേൽ അതിനെ ഉയർത്തികാണിക്കുവാനായി ത്യാഗം വരിക്കേണ്ടതാണ്. അല്ലാഹു (ത) കൽപ്പിച്ച പ്രകാരം ഒരു വിശ്വാസി ധനത്യാഗം ചെയ്യേണ്ടതും, അത് അല്ലാഹുവിന്റെ വഴിയിൽ ചിലവഴിക്കേണ്ടതുമാണ്.

ധനവാന്റെ നിർബന്ധ ബാധ്യതയാണ്, ആവശ്യക്കാർക്കും, സാധുക്കൾക്കും അനാഥർക്കും, വിധവകൾക്കും തന്റെ ധനത്തിൽ നിന്നും നൽകുക എന്നത് ! തന്റെ സ്വഷ്ടാവിനോടുള്ള ദൈനംദിന ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് സമയ ത്യാഗം ചെയ്യേണ്ടതാണ്. പ്രാർത്ഥന നിറവേറ്റുക, വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക, ഭക്തിയാൽ അല്ലാഹുവിനോട് പ്രത്യേക പ്രാർത്ഥന നടത്തുക, ദിക്റുല്ലാഹ്‌യിൽ കഴിയുക ഇതെല്ലാം ത്യാഗങ്ങൾ തന്നെയാണ്. പ്രയോജനകരമായ അറിവ് പകർന്നു നൽകൽ, തന്റെ നാട്ടിലായാലും ശരി, വിദേശത്താ

യാലും ശരി അതും മഹത്തായ ത്യാഗം തന്നെയാണ്. ഒരദ്ധ്യാപകൻ ചെയ്യുന്നതുപോലെ, അദ്ദേഹം തന്റെ കുട്ടികൾക്ക് പ്രയോജനകരമായ അറിവ് പകർന്നു നൽകുന്നതിലൂടെ, അവരെ ഭാവിയിലുണ്ടാകുന്ന വെല്ലുവിളികൾ നേരിടുന്നതിന് പ്രാപ്തമാക്കുന്നതിലൂടെ അദ്ദേഹം അനുഷ്ഠിക്കുന്നത് വളരെ വലിയ ത്യാഗമാണ്. അതുപോലെ മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് വേണ്ടി ചെയ്യുന്നത് വളരെ വലിയ ത്യാഗമാണ്, കുട്ടികളുടെ നന്മയ്ക്കായി അവർ ധനം സമ്പാദിക്കുകയും, സൂക്ഷിക്കുകയും, ചിലവഴിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, ജീവിതം ഒരു ത്യാഗവും ഒരു പോരാട്ടവുമാണ്. അതുകൊണ്ടാണ് എല്ലാ പ്രവാചകന്മാരും ദൈവദൂതന്മാരും, സ്വാത്വികരായ മുൻഗാമികളും, നല്ല വിശ്വാസികളും വിശ്വാസിനികളും ത്യാഗമെന്ന ആശയം നല്ല നിലയിൽ ഉൾക്കൊണ്ടിട്ടുളളത്. അവരുടെ ജീവിതം ത്യാഗത്തിന്റെ പര്യായമായിരുന്നു. പ്രവാചക പ്രഭു മുഹമ്മദ് (സ) തന്റെ ജീവിതം സമുദായത്തിന് വേണ്ടി ത്യാഗം ചെയ്തു. അദ്ദേഹത്തിന്റെ അനുചരന്മാർ (റ) ഇസ്ലാം മതം പ്രബോധിക്കുന്നതിനായി അവരുടെ ജീവിതം ത്യാഗം ചെയ്തു. ഒരു തലമുറയിൽ നിന്നും മറ്റൊരു തലമുറയിലേക്ക് ഒരോ തലമുറയും ഇസ്ലാമിനെ രക്ഷിക്കുന്നതിനായി ത്യാഗം ചെയ്തു. അതിന് കുറ്റവും കുറവും ഉണ്ടാകാതിരിക്കാൻ അവർ ത്യാഗം വരിച്ചു. ഇന്ന് നമ്മുടെ ഊഴമാണ്. അടുത്ത തലമുറയെയും ഭാവിയേയും സംരക്ഷിക്കുവാനായി നാം ത്യാഗത്തിന് തയ്യാറല്ലെ ?

ശരി, നമുക്ക് ഒരു വലിയ അതേ എന്ന് സമ്മതം മൂളാം ! ആധുനികതയുടെ പേരും പറഞ്ഞ് സമുദായം അനേകം തടസ്സങ്ങൾ അടിച്ചേൽപ്പിക്കുന്നുവെങ്കിലും ! ആയതിനാൽ താഴെപ്പറയുന്ന വചനത്തെക്കുറിച്ച് നല്ലതുപോലെ ചിന്തിക്കുക. വളരെ താമസിക്കുന്നതിന് മുമ്പായി ! **“പറയുക, നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ സന്താനങ്ങളും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും (ഭാര്യ അല്ലെങ്കിൽ ഭർത്താവ്) നിങ്ങളുടെ (മറ്റു) ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചിട്ടുളള ധനവും, മാന്ദ്യം സംഭവിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്ന നിങ്ങളുടെ കച്ചവടവും, നിങ്ങൾ ഇഷ്ടപ്പെടുന്ന ഭവനങ്ങളും (ഇതെല്ലാം) അല്ലാഹുവിനെക്കാളും, അവന്റെ ദൂതനെക്കാളും, അവന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യുന്നതിനെക്കാളും നിങ്ങൾക്ക് കൂടുതൽ പ്രിയങ്കരമാണെങ്കിൽ അല്ലാഹു തന്റെ കൽപന നടപ്പിൽ വരുത്തുന്നതു വരെ നിങ്ങൾ കാത്തിരിക്കുക. ആജ്ഞാലംഘകരായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല” (9:24)**

പ്രസംഗം അവസാനിപ്പിക്കുന്നതിന് മുമ്പ്, ഖുർബാനീ സംബന്ധമായി ഏതാനും ഉപദേശങ്ങൾ നൽകുക എന്നത് എന്റെ കടമയായി കരുതുന്നു. ബലിയർപ്പിക്കേണ്ട മൃഗത്തെ എങ്ങനെയാണ് അത് നിർവ്വഹിക്കേണ്ടത് എന്ന് അറിയാത്ത അനേകം മുസ്ലീംങ്ങളുണ്ട് എന്നത് വ്യസനമുളവാക്കുന്ന സംഗതിയാണ്. ഇത് വളരെ പുണ്യകരമായ ഒരു പ്രവർത്തിയാണ് എന്നവർ അറിയുന്നില്ല. മൃഗബലി അർപ്പിക്കുന്നതിലൂടെ ഒരു വിശ്വാസി എന്താണ് ചെയ്യുന്നത്? ഉമ്മുസൽമ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രവാചകർ (സ) പറഞ്ഞു. “ ഖുർബാനി അർപ്പിക്കുന്നതിന് ആർക്കാണോ ഒരു മൃഗം ഉളളത്, അവൻ, ദുൽഹജ്ജ് മാസത്തിലെ ചന്ദ്രക്കല ദൃശ്യമായതായി പ്രഖ്യാപിച്ചാൽ അവൻ അവന്റെ തലമുടി വെട്ടാൻ പാടില്ല; അവന്റെ നഖം മുറിക്കാൻ പാടില്ല; അവൻ ബലി അർപ്പിക്കുന്നതു വരെ! ” (മുസ്ലീം)

ഖുർബാനി സംബന്ധമായി ഏതാനും ഉപദേശങ്ങൾ നൽകുകയാണ്. കാരണം അല്ലാഹുവിന്റെ ദൃഷ്ടിയിൽ ബലിഅർപ്പണം വളരെ വലിയ വിലയുളള കാര്യമാണ്. ബലി അർപ്പണ ദിനം (ബലി അർപ്പിക്കുന്നതിന് വിശ്വാസിക്ക് മൂന്നു ദിവസം ഉണ്ട് എന്ന് മനസ്സിലാക്കുക) അല്ലാഹുവിന്റെ ദാസൻ, ഈ ആരാധനാ പ്രവർത്തി, വളരെ സൂക്ഷ്മതയോടെയും അനുതാവനതയോടെയും, ഇതുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടായിരിക്കണം ചെയ്യേണ്ടത്. എങ്കിൽമാത്രമേ ഇത് അല്ലാഹുവിങ്കൽ സ്വീകാര്യമാവുകയുളളൂ.

**1. ഖുർബാനിക്ക് മുമ്പ് മൃഗത്തിന് ഭക്ഷണം നൽകേണ്ടതാണ്. 2. മൃഗത്തെ കഅ്ബയുടെ നേരെ തിരിക്കുക. (ഖിബ്ലയ്ക്ക് നേരെ) 3. അതിനോട് കരുണയോടെ പെരുമാറുക. 4. അതിനെ പീഢിപ്പിക്കരുത്. 5. അതിനെ ബുദ്ധിമുട്ടിക്കരുത്. 6. നിങ്ങളുടെ കത്തികൾക്ക് നല്ല മൂർച്ചയുണ്ടായിരിക്കണം. 7. നിയ്യത്ത് ചെയ്യുക. 8. ബിസ്മില്ലായും**

**തക്ബീറും ചൊല്ലുക. 9. മൃഗത്തിന്റെ തൊണ്ടയും തൊണ്ടയിലെ രണ്ട് ഞരമ്പുകളും മുറിക്കുക. 10. രക്തം പൂർണ്ണമായും ചോർന്നു പോകുവാൻ അനുവദിക്കുക, മൃഗം മരിക്കുന്നതിനു ധൃതി കാണിക്കാതിരിക്കുക, കഴുത്ത് ഒടിക്കുകയോ തൊണ്ടയിൽ കുത്തുകയോ ചെയ്യരുത്. 11. മറ്റു മൃഗങ്ങൾ കാണാൻ ഇടവരാതിരിക്കുക. അതായത് അവയുടെ കണ്ണുകൊണ്ട് മറ്റൊരു മൃഗം മരിക്കുന്നതു കാണാതിരിക്കട്ടെ.12. ഇതൊരു തമാശയായി കാണരുത്. 13. എല്ലാവിധ പൊങ്ങച്ചങ്ങളിൽ നിന്നും തർക്കങ്ങളിൽ നിന്നും ദൂരപ്പെടുക. 14. പ്രാർത്ഥനാ സമയങ്ങളെ സൂക്ഷിക്കുക, അല്ലാഹുവിന്റെ അവകാശങ്ങൾക്ക് മുൻഗണന കൊടുക്കുക.**

അല്ലാഹു (ത) നമ്മുടെ സംശുദ്ധമായ ഉദ്ദേശങ്ങളെയും ഖുർബാനികളെയും സ്വീകരിക്കുമാറകട്ടെ ! ഈദുൽ അദ്ഹാ ദിനത്തിൽ മാത്രമല്ല, മറ്റെല്ലാ ദിനങ്ങളിലും നാം ചെയ്യുന്ന എല്ലാവിധ ത്യാഗങ്ങളെയും അവൻ സ്വീകരിക്കട്ടെ! ഭൂമിയിലെ നമ്മുടെ അവസാന ശ്വാസം വരെയും, അവന്റെ അത്യധികമായ അനുഗ്രഹവർഷങ്ങൾ നമ്മുടെ മേൽ ചൊരിയട്ടെ ആമീൻ.

# അറിയിപ്പ്

1. ഒരിക്കൽ കൂടി, 2015 ലെ ഹജ്ജ്വേളയിൽ, അനേകം മരണങ്ങൾ ഉണ്ടായിരിക്കുകയാണ്. സാത്താനെ കല്ലെറിയൽ ചടങ്ങിനിടയിൽ മിനായിലാണ് ഈ മരണം സംഭവിച്ചത്. 1.9 മില്യൺ തീർത്ഥാടക ജനം, അതിൽ കൂടുതൽ ഉണ്ടാകാം. ദൗർഭാഗ്യവശാൽ ചില ഹാജിമാർ, ആകസ്മികമായി പലായനം ചെയ്യുകയും ചവിട്ടിത്തള്ളുകയും ചെയ്തു. മറ്റു ഹാജ്ജിമാർ നിർണ്ണായക സാഹചര്യത്തിൽ തുടക്കം കുറിച്ചു കഴിഞ്ഞിരുന്നു. ഇത് യഥാർത്ഥത്തിൽ പ്രയാസകരമായ ഒരു സാഹചര്യമായിരുന്നു. തീർത്ഥാടകരുടെ ബാഹുല്യം കൊണ്ടാണ് ഇത് സംഭവിച്ചത് എന്ന് നമുക്ക് പറയുവാൻ കഴിയുകയില്ല. ഇന്നലെ സംഭവിച്ചത് വളരെ ഖേദകരമാണ്, അല്ലാഹു (ത) സാഹചര്യത്തിന്റെ യാഥാർത്ഥ്യം എന്നെ അറിയാക്കാത്തിടത്തോളം ഞാൻ ഇത് സംബന്ധമായി പ്രതികരിക്കുന്നതല്ല. ഇൻശാ അല്ലാഹ് ! ഈ സംഭവത്തിൽ മരണമടഞ്ഞ ഹാജിമാരുടെ ത്യാഗം അല്ലാഹു (ത) സ്വീകരിക്കട്ടെ ! 700 ൽ കൂടുതൽ ആളുകൾ മരണപ്പെട്ടു. 850ൽപരമാളുകൾക്ക് പരിക്കേറ്റു. പരിക്കേറ്റവർക്ക് അല്ലാഹു (ത) നല്ല ക്ഷമ നൽകട്ടെ! അല്ലാഹു അവർക്ക് മാപ്പ് ചെയ്യട്ടെ ! അവരെ നേർപാതയിൽ അല്ലാഹു നയിക്കട്ടെ ! അല്ലാഹുവിന്റെ പാതയിൽ അവർ അർപ്പിച്ച പ്രയത്നത്തിന്റെ ഫലം കൊയ്യുവാൻ ഇരു ലോകത്തും പ്രാപ്തരാകട്ടെ! ആമീൻ

2. മറ്റൊരു സ്ഥലത്ത്, യമനിൽ ഇന്നലെ സംഭവിച്ചത് വളരെ ദൗർഭാഗ്യകരമായിപ്പോയി. അതും മഹത്തായ ഈദുൽ അദ്ഹാ ദിവസം ! മുസ്ലീം തീവ്രവാദികൾ ഷിയ പള്ളിയിൽ ബോംബിട്ടു. (ജിഹാദിന്റെ പേരും പറഞ്ഞു) 25 ഓളം പേർ മരണമടഞ്ഞു. വളരെയധികം ആളുകൾക്ക് പരിക്കേറ്റു. ഇത് വളരെ ദൗർഭാഗ്യകരം തന്നെ ! മുസ്ലീംകൾ എല്ലാ നിലയിലും ഇസ്ലാമിന്റെ അധ്യാപനങ്ങളെ ലംഘിക്കുകയാണ്. ഇതിന്റെ വില നൽകേണ്ടി വരുന്നത് ഇസ്ലാമും യഥാർത്ഥ വിശ്വാസികളുമാണ്.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************